കേരള സർക്കാർ

നം.59739/ജെ2/12/പൊ.വി.വ.

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ്
തിരുവനന്തപുരം
തീയതി, 02.11.2012.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം- വിദ്യാഭ്യാസ പാക്കേജ് 2010 -11 -അവധിയിൽ തുടരവെ റിട്ടയർ ചെയ്യുന്ന അദ്ധ്യാപകരുടെ ഒഴിവുകൾ റിട്രഞ്ച്ഡ് ലിസ്റ്റിൽ നിന്നും നികത്തുന്നത് സംബന്ധിച്ച്.

സൂചന:- 01.10.11-ലെ സ.ഉ. (പി) നം. 199/11/പൊ.വി.വ.

ദീർഘ കാലാവധിയിൽ പ്രവേശിക്കുന്ന ചില അദ്ധ്യാപകർ അനുവദിച്ച അവധിയുടെ കാലാവധി കഴിഞ്ഞും അനധികൃതമായി അവധിയിൽ തുടരുകയും പെൻഷൻ വരെ സർവ്വീസിൽ പുന പ്രവേശിക്കാതെ സർവ്വീസ് വിട്ടു പോകുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം അദ്ധ്യാപകരെ സർവ്വീസിൽ നിന്നും ഇതുവരെ ടെർമിനേറ്റ് ചെയ്തില്ലെങ്കിൽ അനധികൃതമായി അവധിയിൽ തുടരുന്ന തീയതി മുതൽ അവരെ ബന്ധപ്പെട്ട സ്കൂൾ മാനേജർമാർ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട അദ്ധ്യാപകരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. അത്തരം അദ്ധ്യാപകരുടെ അവധി ഒഴിവുകളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകരെ സ്ഥിര തസ്തികയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകരായി കണക്കാക്കി പരാമർശിത ഉത്തരവു പ്രകാരമുള്ള റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. അനധികൃതമായി പെൻഷൻ വരെ ലീവിൽ തുടർന്നിരുന്ന അദ്ധ്യാപകരെ സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്തുവെന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമെ അത്തരം അവധി ഒഴിവുകളിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകരെ റിട്രഞ്ച്ഡ് ലിസ്റ്റിൽ ഉൾപ്പെടുത്താവൂ എന്നും നിർദ്ദേശിക്കുന്നു.

ആർ. മധുസൂദനൻ നായർ
അഡീഷണൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാർക്കും.
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും. } പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ഐ.ടി.@സ്കൂൾ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും
സെക്ഷനുകൾക്കും.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ